**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 826** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതി സ്കോളർഷിപ്പിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പിനുള്ള അർഹത നേടാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പിനുള്ള അർഹതാ മാനദണ്ഡങ്ങൾ 01/08/2023 GO(P)5/2023/SCSTDD പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം : -<br>1. അപേക്ഷകൻ കേരള സംസ്ഥാനത്തെ സ്ഥിര താമസക്കാരനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയുമാകണം.<br>2. യോഗ്യത പരീക്ഷയിൽ 55% മാർക്ക് നേടിയിരിക്കണം.<br>3. അപേക്ഷിക്കുന്ന തീയതി പ്രകാരം 35 വയസിന് താഴെ പ്രായമുള്ളവരായിരിക്കണം.<br>4. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായിരിക്കരുത്.<br>5. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.<br>6. വിദേശ യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയതിന് ശേഷമുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.<br><br>സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷത്തിൽ ഏതു സമയവും സ്കോളർഷിപ്പിനായി ഉന്നതി വെബ് സൈറ്റ് മുഖേന അപേക്ഷ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ